LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള. പ്രസ്തുത വകുപ്പിന്റെ സ്ഥലം സ്വകാര്യ വ്യക്തി കയ്യേറിയതുമായി ബന്ധപ്പെട്ട പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്കൂൾ വികസന സമിതി യോഗം ചേരുകയും വിജിലൻസ് അന്വേഷണം ആവശ്യപ്പെടുന്നതിനോ കോടതിയെ സമീപിക്കുന്നതിനോ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

ഹരിപ്പാട് കേന്ദ്രീയവിദ്യാലത്തിന്റെ പ്രതിസന്ധി

198(4208) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ തെർമൽ കോർപ്പറേഷന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ കേന്ദ്രസർക്കാർ/എൻ.ടി.പി.സി. നീക്കം നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തടസ്സംകൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്ത് നടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം തുടർനടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കാമോ;

(സി) എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിന്റെ പ്രവർത്തനം ഒരു സിവിൽ സെക്ടർ കെ.വി. സ്കൂളായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) എൻ.ടി.പി.സി.-യുടെ സ്പോൺസർഷിപ്പോടുകൂടി പ്രവർത്തിച്ചു വരുന്ന കേന്ദ്രീയ വിദ്യാലയത്തിന്റെ തുടർന്നുള്ള പ്രവർത്തനത്തിന് 2022 മാർച്ചിനുശേഷം സാമ്പത്തിക സഹായം നൽകാൻ നിർവാഹമില്ല എന്നതാണ് എൻ.ടി.പി.സി. അധികൃതരുടെ നിലപാട്. സ്ഥലവും കെട്ടിടവും സംസ്ഥാന സർക്കാർ എൻ.ടി.പി.സി.-യിൽനിന്നും ഏറ്റെടുത്ത് കേന്ദ്രീയ വിദ്യാലയ സമിതിക്ക് ലീസിന് നൽകുന്നപക്ഷം വിദ്യാലയം പ്രോജക്ട് സെക്ടറിൽനിന്നും സിവിൽ സെക്ടറിലേയ്ക്ക് മാറ്റിനടത്താൻ ധാരണയായിട്ടുണ്ട്. ഭൂമി കൈമാറാനുള്ള നടപടികൾ പൂർത്തീകരിക്കുംവരെ കേന്ദ്രീയ വിദ്യാലയത്തിന്റെ പ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നതിന് കേന്ദ്രീയ വിദ്യാലയ സമിതിയും എൻ.ടി.പി.സി.യും നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) എൻ.ടി.പി.സി. കേന്ദ്രീയവിദ്യാലയത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിന് എം.എൽ.എ., എം.പി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ എൻ.ടി.പി.സി.-യിലേതടക്കം ഉയർന്ന ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് വിളിച്ചു ചേർത്ത് തുടർ നടപടികൾ സ്വീകരിക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

ബാലുശ്ശേരി മണ്ഡലത്തിൽ സ്കൂൾ ബസ്സ് അനുവദിച്ച സ്കൂളുകൾ

199(4209) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് സ്കൂൾ ബസ്സുകൾ അനുവദിച്ചിട്ടുള്ളത്; ബസ്സുകൾ അനുവദിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ സ്കൂളുകൾക്കാണ് ബസ്സ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

4-7-2017-ലെ സ.ഉ(അച്ചടി)86/17/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ബഹു. എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും 2017-18 സാമ്പത്തിക വർഷം മുതൽ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് യു.പി. സ്കൂൾ ഒള്ളൂർ, ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കായണ്ണ, ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ശിവപുരം എന്നീ സ്കൂളുകൾക്കാണ് വാഹനം അനുവദിച്ചിട്ടുള്ളത്. ബസ്സുകൾ അനുവദിച്ചുകൊണ്ടുള്ള ജില്ലാ കളക്ടറുടെ നടപടി ക്രമങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ഇതിൽ ഗവൺമെന്റ് യു.പി. സ്കൂൾ ഒള്ളൂർ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ശിവപുരം എന്നീ സ്ഥാപനങ്ങൾക്ക് ബസ് നൽകിയിട്ടുണ്ട്. കായണ്ണ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് വാഹനം നൽകിയിട്ടില്ല.

(ബി) കായണ്ണ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന് ബസ് വാങ്ങുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എം.എൽ.എ. ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടും സ്കൂളിന് ബസ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളിന് ബസ് വാങ്ങുന്നതിനായി ഏത് ഏജൻസിയാണ് ടെണ്ടർ നടപടിയിൽ എഗ്രിമെന്റ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly